Adjournment Motion regarding the Distress and Penury of labourers due to unemployment

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : സർ, ദിവാൻ പ്രസിഡണ്ടിന്റെ ഇന്നകാലത്തുണ്ടായ പ്രസംഗത്തിൽ യുദ്ധത്തെ സംബന്ധിച്ചും അതിന്റെ ഭയങ്കരമായ ഫലങ്ങളെ സംബന്ധിച്ചും ചില സൂചനകൾ ഈ സഭക്കു നൽകുകയുണ്ടായല്ലോ. എന്നാൽ ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിച്ചും ഈ യുദ്ധം എത്ര കഷ്ടതരമായ ഒരു നിലയിലേക്കാണ് അവരെ തള്ളിവിട്ടിരിക്കുന്നതെന്നു നമുക്ക് ആലോചിക്കേണ്ടതായ ഒരു സന്ദർഭമാണ് ഇപ്പോൾ വന്നിരിക്കുന്നതു്. യുദ്ധംമൂലം ഉണ്ടായിട്ടുള്ള വ്യാപാര സ്തംഭനംമൂലം വ്യവസായങ്ങളുടെ കുറവുകൊണ്ടു് ഇന്നു കൊച്ചിയിൽ പലേസ്ഥലങ്ങളിലും ഉള്ള വ്യവസായശാലകൾ പൂട്ടിയിട്ടുന്നതിനു കാരണമായിട്ടുള്ളതായി നാം അറിയുന്നു. എന്നതന്നെയല്ല, കൊച്ചിരാജ്യത്തിലെ ഒരു പ്രധാന വ്യവസായമായ കയർ വ്യവസായം ഏതാണ്ടു് തീരെ ഇല്ലാതായി തീർന്നിരിക്കുന്നുവെന്നും നമുക്കറിവായിരിക്കുന്നു. കൊച്ചിൻ ഹാർബറിനെപ്പോലെ അനവധി തൊഴിലാളികൾക്കു ജോലി ഉണ്ടാക്കിക്കൊടുത്തിരുന്ന ഒരു സ്ഥാപനത്തിൽ ഇങ്ങിനെയുള്ള ഒരു മാന്ദ്യം സംഭവിക്കുന്നതു് ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകളെ മാത്രമല്ല ഈ രാജ്യത്തെ തൊഴിലാളികളെ മുഴുവനും ബാധിക്കുന്ന ഒരു പ്രശ്നമായി ഇന്നല്ലെങ്കിൽ നാളെ രൂപാന്തരപ്പെട്ടുവാനിടയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. അതിനാൽ ഗവൺമെണ്ടു് ഈ സംഗതിയിൽ ഏറ്റവും അടിയന്തിരമായ ചിലനടപടികൾ എടുക്കേണ്ടതാവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവും ഈ സഭക്കുണ്ടാകുമെന്നു് എനിക്കു വിശ്വാസമില്ല. അടുത്ത അവസരത്തിൽ കൊച്ചി ഗവൺമെണ്ടു് ഒരു പ്രസ്സ് നോട്ടു് മൂലം പ്രഖ്യാപനം ചെയ്തിരിക്കുന്ന ചില പദ്ധതികൾ അഭിനന്ദനാർഹമാണെന്നു ഞാൻ സമ്മതിക്കുകതന്നെ ചെയ്യുന്നു. എന്നാൽ ഇത്ര വലിയ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടതിനു് നമുക്കു് ഇനിയും എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ എന്നു് നോക്കേണ്ട ആവശ്യകതയുണ്ടു്. തൊഴിലില്ലായ്മ പ്രശ്നം നമ്മുടെ രാജ്യത്തുമാത്രമല്ല എല്ലാ രാജ്യങ്ങളേയും ഇന്നു് ഏറക്കുറെ ബാധിച്ചിട്ടുള്ള ഒരു പ്രശ്നമാണെന്നും ഒരു പരിമിതമായ നിലയിൽമാത്രമേ അതിനെ സംബന്ധിച്ചു് ചർച്ച ചെയ്യുവാൻ ഇന്നത്തെ ഗവൺമെണ്ടുകൾക്കു് സാധിക്കുകയുള്ളുവെന്നും എനിക്കു നല്ലപോലെ അറിയാം. പക്ഷെ ഈ ചുരുങ്ങിയ പരിധിവെച്ചു്, ഈ ചുരുങ്ങിയ കഴിവുകൾ വെച്ചു് നമുക്കു് കൂടുതൽകാര്യങ്ങൾ നിവ്വഹിക്കേണ്ടതല്ലേ എന്നാണ് ഞാൻ ഈ സഭയോടു ചോദിക്കുന്നതു്. അതിനാൽ ഇപ്പോൾ വ്യവസായങ്ങളിൽ പോയി ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു് എന്തെങ്കിലും ജോലികൊടുക്കുന്നതിനും അവരുടെ ഉപജീവനമാർഗ്ഗത്തിനുള്ള പോംവഴികൾ കണ്ടുപിടിക്കുന്നതിനും നമ്മുടെ ഗവൺമെണ്ടിനുള്ള ചുമതല എത്ര അധികമാണെന്നുള്ളതു് അധികാരികൾ ശ്രദ്ധിക്കേണ്ടതാണു്. ഈ സംഗതിയെ സംബന്ധിച്ചു് വിശദമായ നിർദ്ദേശങ്ങൾ എന്താണെന്നു ആ ഭാഗത്തുനിന്നും ചോദിക്കുമെന്നു എനിക്കറിയാം. ഈ സംഗതിയെസംബന്ധിച്ചു് വിശദമായ ഒരു അഭിപ്രായം പറയുവാൻ, പ്രായോഗികമായ ചില അഭിപ്രായങ്ങൾ പറയുവാൻ, ഇന്നു കഴിവുള്ളവർ അധികമുണ്ടായിരിക്കുകയില്ലെന്നും എനിക്കറിയാം. പക്ഷെ ഒരു സാധാരണക്കാരന്റെ നിലയിൽ നിന്നുകൊണ്ടു"

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടെ ആലോചനക്കു എനിക്കു വിഷയീഭവിപ്പിക്കുവാനുള്ള ചില നിർദ്ദേശങ്ങളേയും ഞാൻ ഈ സഭയുടെ മുമ്പാകെ വെച്ചുകൊള്ളുന്നു.

കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനു് ഇന്നു രാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകൾ നിറുത്തിയിരിക്കുന്ന ഈ അവസരത്തിൽ, കയറുമതിയില്ലാതിരിക്കുന്ന ഈ അവസരത്തിൽ എങ്ങിനെയാണു് ഇവിടെ ഉണ്ടാക്കുന്ന കയർസാമാനങ്ങളെ വിറ്റഴിക്കുക എന്നുള്ള പ്രധാനമായ ഒരു പ്രശ്നം ഉണ്ടാകാവുന്നതാണു്. എനിക്കു ഗവൺമെണ്ടിനോടു് ചെയ്യുവാനുള്ള നിർദ്ദേശം, ഇവിടെ ഗവൺമെണ്ടിന്റെ ആഭിമുഖ്യത്തിൽതന്നെ ഇവിടത്തെ കയർ ഉല്പന്നങ്ങളെ സ്റ്റാക്കു് ചെയ്യുന്നതിനുള്ള ഒരു പദ്ധതി നമുക്കു് ആലോചിച്ചുകൂടേ എന്നാണു്. അതോടുകൂടി പുതിയ വ്യവസായങ്ങളും ഈ അവസരത്തിൽ നമ്മുടെ രാജ്യത്തുണ്ടാക്കുന്നതിനും നമ്മൾ പരിശ്രമിക്കേണ്ടതാണു്. കഴിഞ്ഞ മഹായുദ്ധകാലത്തുണ്ടായിട്ടുള്ള വ്യവസായങ്ങളുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം അന്നു പലവ്യവസായങ്ങളും ഇൻഡ്യയിൽ അഭിവൃദ്ധിപ്പെട്ടവന്നിട്ടുണ്ടെന്നുള്ളതു് നമുക്കു കാണുവാൻ സാധിക്കും. ഈ അവസരത്തിൽ ഈ രാജ്യത്തു പുതിയ വ്യവസായങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമോ എന്നാണു് ഗവൺമെണ്ടു് ആലോചിക്കേണ്ടിയിരിക്കുന്നതു്. കൊച്ചിരാജ്യത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പഞ്ചസാര വ്യവസായത്തിന്റെ കാര്യത്തിൽ കാര്യമായ ഒന്നുതന്നെയും ഇവിടെ ചെയ്തിട്ടില്ലെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്നതാണു്. ഇവിടെ ധാരാളമായി ചക്കരയിൽ നിന്നു പഞ്ചസാരയുണ്ടാക്കാമെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. അതിനെ ബിസിനസ്സു് പ്രോപ്പോസിഷൻ ആക്കാമോ എന്നുള്ള കാര്യത്തെ സംബന്ധിച്ചു് ഒരു അധികൃതമായ അഭിപ്രായം പറയുവാൻ എനിക്കു സാധിക്കുകയില്ലെങ്കിലും അതിലേക്കു് ഒരു ഗവേഷണം നടത്തി അതിന്റെ പ്രായോഗികതയെ സംബന്ധിച്ചു് ഗവൺമെണ്ടു് ആലോചിക്കണമെന്നു ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഇവിടെ ടാനറി ഒരു ചരിത്രം നിർമ്മിച്ചു ഇപ്പോൾതന്നെ അസ്സംഗതമായിരിക്കുന്ന ഒരു വ്യവസായമാണു്. ഒരു കാലത്തു ഗവൺമെണ്ടിൽനിന്നു് അധികം പണം ചിലവുചെയ്തു് ടാനറി ഇവിടെ ഉണ്ടാക്കിയെങ്കിലും ഇപ്പോൾ അതിന്റെ പ്രവർത്തനം തീരെ ഇല്ലാതെയാണിരിക്കുന്നതു്. ഇന്നത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ ഈ യുദ്ധകാലത്തു പ്രത്യേകിച്ചും അതു് അഭിവൃദ്ധിപ്പെടുന്നതിനു് മാർഗ്ഗമുണ്ടെന്നു് പത്രറിപ്പോർട്ടുകളിൽ നിന്നും മറ്റും അറിയുവാൻ സാധിക്കുന്നുണ്ടു്. അതിനാൽ ടാനറി പരിപോഷിപ്പിച്ചു് അതിനെ ഒരു ഒന്നാംതരം വ്യവസായമാക്കേണ്ട കാര്യത്തിൽ ഗവൺമെണ്ടു് ആലോചിക്കേണ്ടതാണു്. പ്രസ്തുനോട്ടിൽ പ്രസ്താവിച്ചിരിക്കുന്ന തരത്തിൽ പുതിയ മരാമത്തുപണികൾ, റോഡുപണികൾ മുതലായവയുടെ കാര്യത്തിൽ ഗവൺമെണ്ടു ചെയ്തു തുടങ്ങിയതായ പലതും തല്ക്കാലം നിറുത്തിവച്ചിട്ടുള്ളതായി സ്റ്റാൻറിംഗ് ഫിനാൻസു കമ്മിറ്റി റിപ്പോർട്ടു് ഇവിടെ അച്ചടിച്ചു് വിതരണം ചെയ്തിട്ടുള്ളതിൽനിന്നു് എനിക്കു കാണുവാൻ സാധിക്കുന്നുണ്ടു്. ചെല്ലാനം പാണ്ടിക്കുടി റോഡിനെ സംബന്ധിച്ചിടത്തോളം മുന്നു ലക്ഷംവരുന്ന ഒരു സംഖ്യ ചിലവു ചെയ്യാവുന്ന ജോലിയുടെ എസ്റ്റിമേറുകൾ തയ്യാറായിക്കഴിഞ്ഞിട്ടുണ്ടെങ്കിലും അടുത്തകൊല്ലത്തിൽ ആ പണിഏറ്റെടുക്കുന്നതിനു ഗവൺമെണ്ടിനു നിവൃത്തിയില്ലെന്നു് ഈ റിപ്പോർട്ടിൽ നിന്നു കാണുന്നു. ഈ അവസരത്തിൽ ഇങ്ങിനെയുള്ള പണികൾ ഏറ്റെടുക്കുന്നതിനു് ഗവൺമെണ്ടു് തയ്യാറാകണമെന്നതന്നെയല്ല തൊഴിലില്ലായ്മ ഏറ്റവുമധികം ബാധിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള പ്രദേശങ്ങളിലെ ജോലിക്കു മുൻഗണന നൽകണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നാളികേരത്തേയും ചകിരിയേയും സംബന്ധിച്ച് വടക്കെ ഇൻഡ്യയിൽ പ്രചരണങ്ങൾ നടത്തിയാൽ അതിനു് അവിടെ ഒരു മാർക്കറ്റ് കാണുവാൻ സാധിക്കുമെന്നു ഇടയിടെയായി ചില ധനകാര്യ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടു തുടങ്ങിട്ടുണ്ടു്. ഈ സംഗതിയിലും കൊച്ചി ഗവൺമെണ്ടിന്റെ ശ്രദ്ധപതിയേണ്ടതാണു്. ഇതിനെക്കുറിച്ചു് എനിക്കുപ്രധാനമായി പറയുവാനുള്ളതു് അനുദ്യോഗസ്ഥന്മാരുടെ അനുഭവം സ്വീകരിച്ചുകൊണ്ടു് ഗവൺമെണ്ടു് ഒരു റിലീഫ് കമ്മറ്റി രൂപീകരിക്കണമെന്നുള്ളതാണു്. യുദ്ധക്കമ്മിറ്റികളുപ്പോലെതന്നെ ഏറ്റവും അടിയന്തിരമായ ഒരു പദ്ധതിയാണു് ഇപ്രകാരം ഞാൻ നിർദ്ദേശിക്കുന്ന ക്ഷാമ നിവാരണ കമ്മിറ്റികൾ. കുറെക്കാലമായി ഫാക്ടറികളിലും അതുപോലെയുള്ള തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു എന്തെങ്കിലും വേതനങ്ങൾ കൊടുക്കുന്നതിനുള്ള പദ്ധതി ഗവൺമെണ്ടു് സ്വീകരിക്കുകയും പണക്കാരായ ആളുകളിൽ നിന്നു സംഭാവനകൾ സ്വീകരിച്ചും ഗവൺമെണ്ടിൽനിന്നും അതിന്റെ ഒരു അംശം എടുത്തും ആ സാധുക്കൾക്കു കൊടുക്കുകയും ചെയ്യുവാനുള്ള ഒരു പദ്ധതി ഈ അവസരത്തിൽ ഉണ്ടാക്കേണ്ടതു ആവശ്യമായിരിക്കുന്നു. ഇങ്ങിനെയുള്ള ചില നിർദ്ദേശങ്ങൾ മാത്രമാണു് എനിക്കു് ഈ സഭമുമ്പാകെ വെക്കുവാനുള്ളതു്. തൊഴിലില്ലായ്മക്കു ജനങ്ങളും ഗവൺമെണ്ടും കൂടി യോജിച്ചു് ഒരു നിവാരണമുണ്ടാക്കേണ്ട ആവശ്യമാണു് ഇന്നു പ്രധാനമായിട്ടുള്ളതു്. ഈ സംഗതിയിലേക്കു് ഗവൺമെണ്ടിന്റേയും സഭയുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

Mr. L. M. Pylee *(Latin Christians-Ernakulam):* Mr. President, Sir, The motion that I have tabled is in almost the same terms as the motion that was just now moved by my honourable friend, Mr. Viswambharan. My motion is *"To discuss the situation arising from the widespread and acute distress among the working classes of the population by the increase of unemployment brought about by the present war."*

Sir, already unemployment had been manifest in the State just as in many other countries and on the top of it has come the present unemployment caused by the war. I need not detail here the indescribable sufferings and acute distress that are prevalent among the people of the State, in common with the population outside the State. This distress ought to be remedied. It is a very acute distress and I wish to point out particularly the condition that are prevalent in those regions near the Harbour. In fact it is here that the distress in its acutest form, is working out its greatest evil effects. As pointed out by Mr. Viswambharan thousands of workmen have been thrown out of employment from the firms and factories. The coir manufacture in the villages is at a stand-still. It is a fact very well known that hundreds of families are starving. Some have

LIBRARY ARCHIVES Kerala Legislative Assembly

only a meal a day, some half a meal and some no meal at all. I have come across instances in places like Azhikkal, Vallarpadom and Mulavukad where you find people who have no means of lighting a lamp even in their homes. Added to all this there are the terrible epidemics—small-pox and dysentery. Altogether we are facing a very grave situation indeed. The steps contemplated by the Government in this connection are very commendable. From the press note issued by the Government a few days back it is seen that they are making a whole-hearted attempt to solve this problem. It is an immense problem and some aspects of it have been explained by Mr. Viswambharan. What I wish to point out in this respect is that the relief works that are mentioned in the press note do not take much account of those areas where the distress is acutest and greatest. In the press note it is said that prompt relief works in the coastal areas, mainly on account of the dislocation of the coir industry will be taken up by the Government so far it is well and good. But this seems to take into consideration only village areas where the coir industry has been functioning. What about thousands of workmen who have been thrown out of employment from factories in Cochin? Many of the items shown in the press note as relief works do not give any relief to them. Urgent relief works should be taken on a grander scale than what is contemplated in the press note. Your attention should be concentrated first on those areas in the vicinity of the Harbour. There is the Appanghat canal mentioned. It is all very well and good. But I ask why not pay more attention to the areas I have mentioned above. Here the misery is greater. Certain public works had already been sanctioned by the Government, for example, the Azhikkal-Pallippuram road the necessity for which I have pointed out to this House more than once. It is a question very long neglected. In the last Budget Session, I pointed out that the road was begun at the wrong end, perhaps by the middle. The Chief Engineer then gave the House an assurance that the road work would be resumed and that it will be commenced from the Azhikkal side. Exactly that is the solution that is needed now. Because, it is in that region that there is the greatest degree of distress. Then why not resume the construction of that road? It may be said that something like Rs. 30,000 may be consumed by the acquisition of lands. For that, I submit, the whole length of the road, from Azhikkal to Pallippuram need not be taken up at once. Take a small portion, say half a mile, and there acquire the lands and construct the road. Therefore only a part of the money will go for land acquisition and the remaining can be utilised for the construction of the road. It has been pending for a

LIBRARY ARCHIVES Kerala Legislative Assembly

very long time before the Government. Thousands of employes who are going during day and night to Cochin find the walk extremely difficult. I may even point out that there are certain parts in that area where it is very difficult even to carry a dead body to the cemetery.

Then, another instance I may point out. The same is the case with Vallarpadom also. There are thousands of workmen there who were employed exclusively in the firms in Cochin. Now they are out of employment and are in enormous distress.

Dr. A. R. Menon *(Minister for Rural Development):* That is included in the relief work.

Mr. L. M. Pylee *(Latin Christians-Ernakulam):* If so, the people would be very much thankful. They are very anxious to have a foot-path. They have also been trying for the protection of some bund or other. If the Government would try to consider these things, it will be like two birds at one shot. Their long- time needs would be satisfied and at the same time you will be providing for relief of distress.

Then I suggest for the consideration of the Government the construction of a bridge, the Vaduthala-Cheranellur bridge which too had long been contemplated. If funds are available, why not take up that work also. There are many sanctioned works like these, of which estimates have already been prepared by the Government. If you carry them out, we attain two objects as I said above. If relief is to be given, timely steps like these should be taken. Of course Mr. Viswambharan made some suggestions. There are larger aspects of the problem. We may explore the avenues through an expert body. But that is a great problem. Immediate relief could not be given by manufacturing sugar or starting new industries. No doubt we must take time by the forelock. We may turn the horrors of war to our advantage by starting new industries. But all that requires a long-time programme. There is also this difficulty that markets will have to be explored for our products. Such measures therefore will not bring immediate relief. I may point out to the House that if the Government do not take very substantial measures the discontent among the people will grow in volume and intensity. There are indications of that. I myself have come across certain notices that are posted here and there which contain insinuations, and indications of subversive activities are seen. Discontents and mal-contents will take advantage of the distress now prevailing to achieve their own ends. We must congratulate ourselves that hitherto we were free from all that to a very large extent. But

LIBRARY ARCHIVES Kerala Legislative Assembly

if the present conditions prevail much longer, Sir, they will be the channels through which subversive influences will find a way into our State also. I have seen notices convening meetings of labourers containing, for example, " Down with Imperialism ". Of course Imperialism must be denounced.

Mr. A. B. Salem *(Mattancheri):* Where did you find these notices ? Are they not in Travancore?

Mr. L. M. Pylee *(Latin Christians-Ernakulam):* The hon'ble member is I hope aware that I am speaking of Cochin *(laughter).* Therefore timely action must be taken by the Government. I may even go to the extent of saying that there is a revenue reserve fund and that Government should utilise a part of it for relief works. The revenue reserve fund is meant for times of crisis. And here is a crisis, the greatest crisis in the history of the world. From the recent speech of Herr Hitler we can see that this war will be a long war. Therefore it will be a case of prolonged distress. I hope the Government will take these matters into consideration and devote as much resources as possible for the immediate relief of the distressed.

Mr. A. B. Salem *(Mattancheri):* Mr. President Sir, I do not rise for the purpose of telling the Government what they could do. We know that the Government is aware of all these facts and we know that the Government is one with us in feeling for the people of the land. I therefore only wish to lay before you certain works, which, if you now begin, you can do so at great advantage to the public and at little cost. In Mattancheri, I would urge, Sir, to take up the Koovapadom scheme which would give health and wealth to the town and will give immediately employment to a large number of people.

Mr. A. V. Moothedan *(Chalakkudi):* What is the Koovapadom scheme ?

Mr. A. B. Salem *(Mattancheri):* The Government knows what the scheme is. The Koovapadom scheme is a scheme for the reclamation of large marshy areas which are now mosquito ridden and a menace to the health of the town. We want that place to be improved. Of course, there is a little agitation, of which I am aware, by the people that are living there on the imaginary fear that their homesteads will be lost, if that scheme comes into being. But that has been already allayed by the Municipality of Mattancheri which has resolved that sites will be allotted to them sufficiently to meet all their needs.

Mr. K. Ayyappan *(Ezhuvas-Kanayannur):* Will it give work to the labourers ? You are going to reclaim it by dredging ?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem *(Mattancheri):* No, no, by manual labour. A scheme is in preparation. It was at first suggested that it should be filled by a dredger, but that scheme has been given up. It will be a good thing for the town and at present you can attract a large amount of labour at cheap rate. That is one scheme which I would urge for the Government's kind attention and to request them to begin it, if possible, in 1116 itself.

Dr. A. R. Menon *(Minister for Rural Development):* Has the Municipality passed a resolution that it should be done by manual labour?

Mr. A. B. Salem *(Mattancheri):* Yes. I think it is going up to the Government.

Mr. K. Ayyappan *(Ezhuvas-Kanayannur):* Where will you get earth?

Mr. A. B. Salem *(Mattancheri):* All those are details. You can get plenty of earth from the beach, from the backwaters and from so many other places. That work, if it is taken up, will cost about Rs. 2½ lakhs and that will be a very good thing both for the labourers, for the suffering public and the town itself. If the Government, by examination of this scheme, does not find it feasible to take it up, I am not urging the Government to take up a non-feasible scheme. If it is feasible, take it up in 1116 and it will give relief both to the town and to the poor labourers and public at large.

Another scheme, that could be taken up, is the Mattancheri-Chellanam road or the Pandikkudi-Chellanam road scheme as it is called. That road, if constructed, will give you a nice road direct to Alleppey and it will also shorten the journey by motor car and we will not have the necessity for crossing the Aroor river.

Mr. K. Ayyappan *(Ezhuvas-Kanayannur):* We will have to cross some other river.

Mr. A. B. Salem *(Mattancheri):* No, no. You can go straight to Alleppey. That is the area that is suffering very very much from this acute distress of which we have been hearing today and for some time. In that area, the southern part of the Cochin State, along the coastline the whole people are actually starving and they are eating oil-cakes which have been only used by cattle so far. Now it has become handy for human beings! In that area the distress is very acute and widespread and my friend Mr. Peter also knows about that matter. Therefore, I would urge that some work, either the Mattancheri-Chellanam road or any other work be started there immediately.

LIBRARY ARCHIVES Kerala Legislative Assembly

The third one, that I would urge the Government to take up is the Mattancheri Foreshore scheme, which is dear to the heart of the Diwan. I know that. Plans have been matured, and if it is taken up at this juncture, it would do good for all people alike. It will beautify the town and it will do away with an ugly spot in Cochin and make the other side of the Queen of the Arabian Sea look bright. I would ask the Government to give an even shave to either side of the face. As it is now, only one side is shaved and the other side is still ugly.

Another scheme in Mattancheri is the Eraveli scheme. That is also a swampy area in the thickest part of Mattancheri. You know, Sir, that Mattancheri is one of the most thickly populated areas in the world. Perhaps it stands second only to New York. This is due to the fact that we have a small industrial area where a large number of coolies come and congregate for the purpose of getting work mainly in the loading and unloading business. That means, a large number of coolies are also necessary to handle the goods in the steamers. Of course, part of the work is no longer in the hands of the coolies because we have got the beautiful cranes. This mechanised industrial warfare means kicking at the stomach of many people!

These four schemes, Sir, I would place before the Government to give work for the people in this area. Some of these works will repay themselves. The Eraveli, Koovapadam and the Foreshore schemes are all reproductive works. They will bring back on the investment fine returns which will go again to the relief of the poor and for the betterment of the land. I would urge these for the Government's attention in this connection. We are all at one to give as much relief as possible to the people.

Regarding epidemics, I must bring to your notice that in spite of all the efforts made by the Municipality and the Government, small-pox is on the increase. This is due to the sad fact that the vitality of the people is being snapped. They have no food. The resisting power is gone and they therefore become naturally victims to any disease that may come. It is aided on by starvation, by non-hygenic arrangements inside the houses, slum areas, etc., and they will wipe off the population. There is no doubt of that. We are facing ourselves a war of destruction. The war that faces us is the war of epidemics, disease, starvation, misery, and looting, if you may say so. It has already started. People go to the shops and get things from the bazaars. Quietly they go into the shops as if they are purchasers. They buy the things they want and send it to their

LIBRARY ARCHIVES Kerala Legislative Assembly

homes through their children. They stand there to bargain for some time and in the end when they are asked for money, they say that they have no money to pay, and that they may do whatever they like with them. The police are called in. The police go to their homes and find there little children rolling on the floor starving and crying with hunger. They take pity themselves and tell the merchants to leave them off. These things are taking place and 2 cases have already occurred. Therefore it is time that we should be up and doing. We are all stirring ourselves now to collect war funds to be sent to the theatre of war. Give as much as you can, but also give unto your own people. Charity begins at home *(Hear, hear)*. If the British Government needs our help it is theirs to command. We, in India, are in the jail and the British Government is in the position of a jailor. They are now attacked, and our jailor says, "come with me, join hands with me and we shall drive the man who attacks." The man in jail says: "cut off my fetters or at least promise me that you will cut off my fetters after the war." That promise does not come. If that promise had come they need not ask us for money, they need not ask us for men or for anything. India will jump up and fight along with them and kill not one Hitler, but many Hitlers. We have got 330 millions of people, immense resources and materials that they require. Only mechanised methods, we do not know. The Englishmen know that and they can teach us that. And with co-operation and with mutual trust we can go forward and smash and swallow Hitler. I will be the first man to swallow Hitler. *(Laughter)* But the Britisher must show imagination. Now of course some of us give all we have as even if the Englishmen do not say the thing, they will do it. But, why not, I ask them at least to promise that "we will throw open the portals of India bound and will give you, your freedom". Even after being promised help they hesitate. I do not know why they hesitate. If you are opening your purse and giving money for them, there is a greater duty for you to take money from the rich men and give doles to the poor. I do not think that dole giving will go a long way. You must provide work for them. You have provided 12 lakhs of rupees only in the Public Works budget. I do not know how much of that is going to be spent on buildings. 12 lakhs of rupees will come to 1 rupee per head of population in Cochin. You are also taking 12 and odd lakhs of rupees as land revenue from the people. That also comes to a rupee per head. Our new Diwan Peishkar will tell us more. Such being the case, Sir, I think this is a matter in which we ought to have a committee for relief of distress and see what we can do—both by the non-officials and by the Government which is in charge of our public money—and that by exploiting the kindness and charity

LIBRARY ARCHIVES Kerala Legislative Assembly

of the great public of Cochin. With these few words, I also support the motion.

മിസ്റ്റർ ബി. എം. പീറർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഇന്നത്തെ ഇക്ഷാമം ഗവൺമെന്റോ അല്ലെങ്കിൽ ജനങ്ങളോ പ്രതീക്ഷിച്ചിട്ടുള്ള ഒന്നല്ല. പക്ഷെ പൊട്ടന്നവെ വന്നുകൂടിയതാണ്. എന്നാൽ ഇന്നത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ ഏറ്റവും പരിതാപകരമായ ഒരു നിലയിലാണ് കഗ്രാമങ്ങളിൽ ക്ഷാമം വന്നുചേർന്നിട്ടുള്ളത്. അതിനെപ്പറ്റി ഞാൻ ഒരു ദീർഘപ്രസംഗത്തിനു് ഒരുങ്ങുന്നില്ല. നമ്മുടെ ഭക്ഷ്യമിബഞ്ചിൽ ഇരിക്കുന്ന ആ ബഹുമാനപ്പെട്ട മൂന്നു മെമ്പർമാർ തന്നെ സ്ഥലത്തു വന്നു വേണ്ടതൊക്കെ തരത്തിൽ തിരക്കി അറിഞ്ഞും കണ്ടു മനസ്സിലാക്കിയും ഉടനടി വേണ്ട പരിഹാരം ചെയ്യുതിൽ അവരോടും ഗവൺമെണ്ടിനോടുമുള്ള നന്ദിയെ ഈ അവസരത്തിൽ ഞാൻ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഇന്നു സാധുക്കൾ കഷ്ടപ്പെടുന്നുണ്ടു്, സാധുക്കൾ ബുദ്ധിമുട്ടുന്നുണ്ടു്, അവർ പട്ടിണി കിടക്കുന്നുണ്ടു്. ഇതിനെല്ലാം ഉടനടി ഒരു പരിഹാരമുണ്ടാക്കുന്നതിനു് നമ്മുടെ ദിവാൻജിയവർകൾ ഗൗരവമായി ചിന്തിച്ചു് പുറപ്പെട്ടതിലാണ് ഞാൻ അദ്ദേഹത്തെ അതിയായി ശ്ലാഘിക്കുന്നതു്. എന്തെന്നു വെച്ചാൽ കേൾപ്പോ കേൾവിയുമില്ലാത്ത കഗ്രാമങ്ങളിൽ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പതിയാത്ത സ്ഥലങ്ങളിൽ പോലും അവരുടെ ആവശ്യങ്ങൾ അടിയന്തിരമായി സാധിച്ചുകൊടുക്കണമെന്നുള്ള ഉപദേശം അദ്ദേഹത്തിൽ നിന്നുണ്ടായതിലാണ് വീണ്ടും ഞാൻ അദ്ദേഹത്തോടു നന്ദി പറയുന്നതു്. ഈ അവസരത്തിൽ ഗവൺമെൻറ് എടുത്തിരിക്കുന്ന പദ്ധതി ഏറ്റവും ഉത്തമമായിട്ടുള്ള ഒന്നാണെന്നാണ് ഞാൻ ഈ സഭ മുമ്പാകെ കൊണ്ടു പറയുന്നതു്. എന്തെന്നു വെച്ചാൽ ഇങ്ങിനെയുള്ള ക്ഷാമം പെട്ടെന്നു പടർന്നുപിടിക്കുന്ന അവസരങ്ങളിൽ അതിനു് പുതുതായി ഒരു സ്കീം ഉടനെ കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. ഏതു ഗവൺമെൻറിനെക്കൊണ്ടും അതു സാധിക്കയുകില്ല. പക്ഷെ ഗവൺമെൻറ് ഇതിനു് ഇപ്പോൾ എടുത്തിരിക്കുന്ന പദ്ധതി ഉടനെ എന്തെങ്കിലും ഒരു തൽക്കാല സമാധാനം വരുത്തുകയുണ്ടു് പട്ടിണി കിടക്കുന്നവർക്കു ക്ഷേണം കൊടുക്കുക എന്നുള്ളതാണ്. അതു തന്നെയാണ് അത്യാവശ്യമായിട്ടുള്ളതും. കിടക്കപ്പായിൽ നിന്നും എഴുന്നേൽക്കുവാൻപോലും അവർ ശക്തിയില്ലാത്തവരായിരിക്കുമ്പോൾ ഗവൺമെൻറ് ഇങ്ങിനെയൊരു ധർമ്മം മൂലം അവർക്കു ക്ഷേണം കൊടുക്കുവാൻ തയ്യാറായില്ലെങ്കിൽ ആ സാധുക്കളുടെ സ്ഥിതി എന്തായിരിക്കും! അതുകൊണ്ടു് ഗവൺമെൻറ് ആദ്യം ചെയ്ത പരിപാടി തന്നെ ഏറ്റവും അഭിനന്ദനീയമാണ്.

രണ്ടാമതായി സ്വീകരിക്കുവാനുള്ള മറെറാരു പരിപാടി അവർക്കു വേണ്ട തരത്തിൽ ജോലിയുണ്ടാക്കിക്കൊടുക്കുകയും, അതു താമസം കൂടാതെ നടപ്പിൽ വരുത്തുകയും ചെയ്യണമെന്നുള്ളതാണ്. ഇപ്പോൾ മാനമായി കൊടുപ്പാൻ ഗവൺമെൻറ് അനുവദിച്ചിട്ടുള്ള അരി ഒരിക്കലും അവിടത്തെ ആവശ്യത്തിനു പര്യാപ്തമല്ല. കുമ്പളങ്ങി വില്ലേജിലേക്ക് ൻ ചാക്കു് അരിയാണു ഗവൺമെൻറ് അനുവദിച്ചിട്ടുള്ളതു്. അവിടെയുള്ള ജനസംഖ്യ നോക്കിയാൽ ൧൫,൦൦൦ ആളുകളുണ്ട്. ൻ ചാക്കു് അരിയെന്നു പറയുന്നതു് ൧,൫൦൦ നാഴി അരിയാണ്. ൧൫,൦൦൦ ആളുകൾക്കു് ൧,൫൦൦ നാഴി അരി വളരെ കുറവാണെങ്കിലും അതു വലിയൊരു സഹായം എന്നു മാത്രം പറഞ്ഞുകൊള്ളുന്നു. മേലാലുള്ള ഉപജീവനമാർഗ്ഗത്തിനു നിവൃത്തിയില്ലാതെ അവർ

LIBRARY ARCHIVES Kerala Legislative Assembly

നു പൈ, ന്യ പൈ കൂലി കൊണ്ടു് പിണ്ണാക്കും മറ്റുമാണു് വാങ്ങിത്തിന്നിരു ന്നതു്. അതിനൊരു പരിഹാരമല്ലെ എന്നു ചോദിച്ചാൽ തീച്ചയായും അതെ എന്ന ഒരു മറുപടിയായിരിയ്ക്കും ഞാൻ നൽകുന്നതു്. അതു് അവിടെവന്നുനേരി ട്ടുകണ്ട ബഹുമാന്യപ്പെട്ട മെമ്പർമാർ കണ്ടറിഞ്ഞിട്ടുള്ളതുമാണു്. വളരെ ഗൌര വതരമായി വിചാരിക്കാവുന്ന ഒരു കാര്യമാണു് അവക്കു് അരികൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. ആ അരി കൊണ്ടു് അവരുടെ ആഹാരം ഒരു വിധം കഴി ക്കുന്നുമുണ്ടു്. ഇങ്ങിനെയുള്ള ഗവൺമെൻറിന്റെ സഹായങ്ങൾ കൂടാതലായി നിലനിറുത്തിക്കൊണ്ടുപോകുവാൻ സാധിക്കുന്നതല്ലെങ്കിലും അവക്കു തൽക്കാ ലം ഒരു റിലീഫ് കിട്ടുവാൻ തക്ക നിലയിൽ ഈ സഹായം ചെയ്തു കൊടുത്തി ട്ടുള്ളതു് ഏറ്റവും ഉത്തമമായിട്ടുണ്ടു്. ൨,൦൦൦ രൂപ അവിടെ ക്ഷാമ പണി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതിൽ ൫,൦൦൦ രൂപാ ലാൻറു് വാ ല്യു കഴിച്ചാൽ ബാക്കിയുള്ള ൨൫,൦൦൦ രൂപാ സാധുക്കളുടെ ആഹാരച്ചി ലവിലേക്കായി കിട്ടുന്നതാണു്. എന്റെ നിയോജകമണ്ഡലത്തിൽപെട്ട പാ ണ്ടിക്കുടി-പെല്ലാനം റോഡിന്റെ കാര്യവും ഞാൻ ഈ അവസരത്തിൽ ഗവ മ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. ആ റോഡും ഈ അവസര ത്തിൽ പണി നടത്തുന്നതായാൽ അതുമൂലം കുറച്ചെങ്കിലും ആളുകൾക്കു തൊ ഴിലുണ്ടാകുന്നതാണു്. അതു് ഇന്നല്ലെങ്കിൽ നാളെ തുടങ്ങേണ്ടതായിട്ടുള്ള ഒരു പണിയാണു്. ഇപ്പോൾ വെല്ലിംഗ്ടൺ ഐലണ്ടും മട്ടാഞ്ചേരിയും ത മ്മിൽ യോജിപ്പിക്കുന്ന തരത്തിൽ റോഡു വന്നിട്ടുണ്ടു്. ഈ റോഡിന്റെ പണി കൂടി പൂർത്തിയാക്കുന്നതായാൽ ആലപ്പുഴ വരെ യാതൊരു കടത്തു കളും കൂടാതെ ഗതാഗതം ചെയ്യുവാൻ സാധിക്കുന്നതാണു്. ഈ റോഡി ന്റെ പണിക്കു് മൂന്നു ലക്ഷം ഉറുപ്പികയാണു് ചിലവു വരുന്നതു്. ആ മൂ ന്നു ലക്ഷം ഉറുപ്പികയും ഒന്നായിട്ടു ചിലവു ചെയ്യരുതെന്നു ഞാൻ പറയുന്നി ല്ല. ഒരു കൊല്ലം ൧൫,൦൦൦ രൂപാ ചിലവാക്കുക; അടുത്ത കൊല്ലവും ൧൫,൦൦൦ രൂപാ ചിലവാക്കുക; ഇങ്ങിനെ ൨൦ കൊല്ലം കൊണ്ടു് ആ പണി മുഴുവനാക്കുവാൻ സാധിക്കുന്നതാണു്. ഏതെങ്കിലും തരത്തിൽ തൊഴി ലാളികളെ ഈ അവസരത്തിൽ സഹായിക്കണമെന്നു ഗവൺമെൻറു് വിചാരി ച്ചിട്ടുള്ളതുകൊണ്ടു് തീച്ചയായിട്ടുള്ള ഈ മുപ്പതിനായിരം ഉറുപ്പിക കൂടി ഈ വരുടെ ഉപജീവനമാർഗ്ഗമായി തീരത്തക്കവണ്ണം തക്ക സമയത്തു് ചിലവിടുന്ന തായാൽ അതു വലിയ സഹായമായിരിക്കും. ഞാൻ തന്നെ തൊഴിലാളിക ളുടെ നാലഞ്ചു യോഗങ്ങളിൽ അദ്ധ്യക്ഷം വഹിച്ചിട്ടുണ്ടു്. അവരുടെ സങ്കട ങ്ങൾ കേൾക്കുമ്പോൾ എനിക്കു് രക്തക്കണ്ണുനീരാണു പലപ്പോഴും പുറപ്പെട്ടു വി ക്കാനിടവന്നിട്ടുള്ളതു്. അവർ പറയുന്നതു് ഞങ്ങൾക്കു സൌജന്യം ആവ ശ്യമില്ല. നാലണയുടെ കാര്യം കിട്ടത്തക്ക തരത്തിൽ എന്തെങ്കിലും ജോലി കി ട്ടിയാൽ മതി; എന്തു ജോലി വേണമെങ്കിലും ചെയ്യാം. കല്ലോ, മരമോ, വെണമെങ്കിൽ നിങ്ങളെത്തന്നെയും ചുമക്കാം. ഉപജീവനം കഴിക്കാൻ വേ ണ്ടി നാലണ കൂലി കിട്ടിയാൽ മതിയെന്നാണു്. കൊച്ചി രാജ്യത്തിന്റെ നന്മയേയും ഭരണാധികാരികളുടെ പേരിനേയും പുറംരാജ്യങ്ങളിൽ വേണ്ടത്ത ക്ക നിലയിൽ നിലനിറുത്തിപ്പോരുന്നതു് തൊഴിലാളികളായ ആ സാധുക്ക ളാണു്. അങ്ങിനെയുള്ള സാധുക്കളുടെ കാര്യത്തിൽ നാം ഇനിയും ചെവി കൊടുക്കുന്നില്ലെങ്കിൽ തീച്ചയായിട്ടും റഷ്യയിലെ കമ്മ്യൂണിസത്തെ ഇവിടെ ക്ഷണിച്ചുവരുത്തുകയായിരിക്കുമെന്നാണു് ഞാൻ ഈ അവസരത്തിൽ ഓ ർമ്മിപ്പിക്കുന്നതു്. മൂന്നാമതായിട്ടു് ഗവൺമെൻറു് ഉദ്ദേശിച്ചിട്ടുള്ള ഒരു പരി പാടിയാണു് കയർ ഇൻഡസ്ട്രിയെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

കയർ വ്യവസായം മന്ദീഭവിച്ചതോടു കൂടിയാണ് ക്ഷാമ വ്യാധി പടർന്നു പിടിച്ചിട്ടുള്ളതു എന്നതു തർക്കമറ സംഗതിയാണു്.

എന്നാൽ ഈ കയർ വ്യവസായത്തെ ഗവൺമെണ്ടിൽ നിന്നും ഏറെറടുക്കുവാനൊ ഇവിടെയുള്ള കയറകർം വരുത്തി സൂക്ഷിക്കുവാനൊ സാദ്ധ്യമായ ഒരു കായ്മല്ലതന്നെ. എന്നാൽ എന്തുകൊണ്ടു ഈ ഇൻഡ്യയിൽതന്നെ കയറിനുള്ള വിപണികളെ കണ്ടുപിടിച്ചുകൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്. കൊച്ചി പോർട്ടിൽനിന്നു് ഒരു ലക്ഷം ഉരുപ്പികയ്ക്കുള്ള ചരക്കാണു് കഴിഞ്ഞ കൊല്ലം വിദേശങ്ങളിലേക്കു പോയതു്. ഒരു ലക്ഷം രൂപായിൽ താഴെ ഒരു ലക്ഷം രൂപായ്ക്കുള്ള ചരക്കും ഇപ്പോഴത്തെ ശത്രുരാജ്യങ്ങളിലേക്കാണു് അന്നു് പോയിരുന്നതു്. ആ വിപണികളെ ഇനി നമുക്കു പ്രതീക്ഷിപ്പാൻ ഇപ്പോൾ തരമില്ല. ബാക്കി നാം ലക്ഷം ഉരുപ്പികയ്ക്കുള്ള സാധനങ്ങൾ ലണ്ടനിൽതന്നെ സ്റ്റോക്കായിട്ടിരിക്കയാണു്. അതു ശത്രുരാജ്യങ്ങളിലേക്കു കയററിയിരുന്ന ചരക്കു പിടിച്ചെടുത്തിട്ടുള്ളതാണു്. അയ്യുകൊണ്ടു് യൂറോപ്യൻ വിപണികളെ യാതൊരു തരത്തിലും ഇപ്പോൾ പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ തന്നെ ഇവിടെയുണ്ടാക്കുന്ന കയറിനെ വിറഴിക്കുന്നതിനു് മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ബോംബെ, കൽക്കത്ത മുതലായ പ്രദേശങ്ങളിൽ ചിലവുണ്ടെങ്കിൽ അതു കച്ചവടക്കാർ കണ്ടുപിടിക്കയില്ലെ എന്ന ഒരു ചോദ്യം ഉണ്ടായേക്കാം. തിരുവിതാംകൂറിൽ ഗവൺമെണ്ടു് ചിലവിന്മേൽതന്നെ ചില ഏജണ്ടുമാരെ ബോംബെ, കൽക്കത്ത, റങ്കൂൺ മുതലായ സ്ഥലങ്ങളിലേക്കു അയച്ചിട്ടുണ്ടു്. അതുപോലെ നമ്മുടെ ഗവൺമെണ്ടും ഇൻഡ്യയുടെ പലഭാഗങ്ങളിലും ഏജണ്ടുമാരെ അയച്ചു മാർഗ്ഗം കണ്ടുപിടിക്കുന്നതായാൽ നമ്മുടെ ചരക്കുകൾ ചിലവഴിക്കുവാൻ സാധിക്കുന്നതാണു്. അതല്ലാതെ കയർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കു എല്ലാവർക്കും ജോലിയുണ്ടാക്കുവാനൊ ജോലി കൊടുക്കുവാനൊ ഈ പൊതുമരാമത്തു പണികൾകൊണ്ടു സാധിക്കുന്നതല്ല. ഇവിടെ ഉണ്ടാക്കുന്ന കയറുകൾ വിറഴിക്കുന്നതിനുള്ള ഒരു പദ്ധതി കൂടി ഈ പരിപാടിയിൽ ഏർപ്പെടുത്തണമെന്ന അപേക്ഷയോടുകൂടി ഞാൻ ഉപസംഹരിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു്, സർ, കഴിഞ്ഞ മിഥുനം ഒന്നാംതീയതി മുതല്ക്കാണു് ഈ രാജ്യത്തു് റിലീഫ് വർക്കു വേണമൊ വേണ്ടയൊ എന്നുള്ളതിനെക്കുറിച്ചു് ആലോചന ആരംഭിച്ചതു്. ഏകദേശം മണിക്കൂറിനുള്ളിൽ നമ്മുടെ ഗവൺമെണ്ടു് ഏതാണ്ടു് സങ്കടപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ജനങ്ങൾക്കു് സമാധാനമുണ്ടാകത്തക്ക നിലയിൽ വേണ്ട താല്ക്കാലിക നടപടികളും നടത്തിട്ടുണ്ടെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സന്തോഷത്തോടുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇഷ്ടാനിഷ്ടിയോടും ഉത്തരവാദബോധത്തോടുംകൂടിയ ഗവൺമെണ്ടിന്റെ പ്രവൃത്തിയാണു് പൊതുജനങ്ങൾക്കു പിന്നേയും പിന്നേയും ഗവൺമെണ്ടിനെ സമീപിച്ചു ആനുകൂല്യങ്ങൾക്കു് അപേക്ഷിക്കുവാൻ ഇടവരുത്തിട്ടുള്ളതു്. യഥാർത്ഥത്തിൽ ഈ യുദ്ധംമൂലം കയർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കു സങ്കടം അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു ഗവൺമെണ്ടു് മനസ്സിലാക്കിയതായ ഒരു നിലവന്നിട്ടുണ്ടു്. പടിഞ്ഞാറെ തീരങ്ങളിൽ ഇപ്പോൾ സങ്കടപ്പെടുന്ന കൂടിൽ വ്യവസായികളെ രക്ഷിക്കുന്നതിനു് അരിപോലും ഗവൺമെണ്ടു് കൊടുത്തു തുടങ്ങിയിരിക്കുന്നുവെന്നു് കാണുന്നതുകൊണ്ടു് ക്ഷാമനിവാരണത്തിൽ ഗവൺമെണ്ടു് ഉണർന്നു യഥാകാലംപ്രവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിച്ചിട്ടുണ്ടെന്നു് പ്രത്യക്ഷമാകുമല്ലൊ. വല്ലാർപാടം, പനമ്പുകാടു്, കടമക്കുടി മുതലായ തുരുത്തുകളിൽ അരി വിതരണം തുടങ്ങികഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഈ വിതരണം എത്ര കാലം തുടർന്നുപോകുവാൻ കഴിയുമെന്നാണു് ആലോചിക്കേണ്ടതു്. തല്ക്കാലത്തേക്കു് അതായതു് ഇപ്പോൾ പെട്ടെന്നുണ്ടായിട്ടുള്ള ഈ പട്ടിണിയെ പരിഹരിക്കുന്നതിനു് അഞ്ചൊ പത്തൊ ദിവസത്തേക്കു് ഒരു പക്ഷെ ഗവർമ്മെണ്ടിനു് ഇതു് സാധിച്ചേക്കാം, ഈ പ്രശ്നത്തിനു് ഒരു പര്യവസാനം ഉണ്ടാകുന്നതുവരെ തുടർന്നുപോകുന്നതിനു് ഗവർമ്മെണ്ടിനു് സാധ്യമല്ല. എന്നാൽ പിന്നെ എങ്ങിനെ അതു് പരിഹരിക്കാമെന്നാണു് ആലോചിക്കേണ്ടതു്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും മരാമത്തു വേലകൾ ആരംഭിച്ചു എതാണ്ടു് പരിഹരിക്കാമെന്നു് ഉദ്ദേശം ഗവർമ്മെണ്ടിനുണ്ടു്. അതിന്റെ ഫലമായിട്ടാണു് ചെല്ലാനം, ഞാറക്കൽ മുതലായ സ്ഥലങ്ങളിലെ മരാമത്തു വേലകൾ തുടങ്ങിട്ടുള്ളതു്. ഇതുപോലെ സങ്കടപ്പെടുന്ന അനേകം തുരുത്തുകൾ വേറെയുണ്ടു്.

തെക്കോട്ടു മാറുന്നപക്ഷം കരിങ്ങാച്ചിറ, ഇരിമ്പനം മുതലായ സ്ഥലങ്ങളിലുള്ള കയർ വ്യവസായികൾ മുഴുവനും പട്ടിണിയിൽ ആയിരിക്കുന്നു. അവർക്കും എന്തെങ്കിലും ഒരു പരിഹാരം ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. ഈ സ്ഥലങ്ങളുടെ മദ്ധ്യത്തിൽ കിടക്കുന്ന ഒരു സ്ഥലമാണു് തൃപ്പൂണിത്തുറ. തൃപ്പൂണിത്തുറ ചന്തയിൽ കൂടി ഒരു കനാൽ തുറക്കുവാനുള്ള പദ്ധതിയെപ്പറ്റി ഗവർമ്മെണ്ടു് ആലോചന തുടങ്ങിട്ടു വളരെക്കാലമായി. എന്റെ അറിവു ശരിയാണെങ്കിൽ, പത്തുകൊല്ലമായിട്ടുണ്ടു്.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: കൌൺസിൽ തുടങ്ങിയതു മുതലുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ഈ കനാൽപണി ആരംഭിക്കുന്നപക്ഷം ഒരു വർഷമെങ്കിലും ക്ഷാമത്തിൽനിന്നു നാട്ടുകാരെ രക്ഷിച്ചു മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം. അലൈൻമെന്റു തിട്ടപ്പെടുത്തുവാനുള്ള ഒരു വിഷമമാണു് ഇതു താമസിക്കുവാൻ കാരണമെന്നാണു് എന്റെ അറിവു്. ഗവർമ്മെണ്ടു് ഇതു ചെയ്യുന്നതിനു് സന്നദ്ധമായിട്ടാണു് വളരെക്കാലമായിട്ടു കാണുന്നതു്. ഫാമിനു മണിക്കുർകൊണ്ടു് ഇതു വലിയ സ്കീം നടപ്പിൽവരുത്തിയ ഗവർമ്മെണ്ടിനു് തൃപ്പൂണിത്തുറ കരിങ്ങാച്ചിറ തോടിന്റെ അലൈൻമെന്റു് തിട്ടപ്പെടുത്തുവാനുള്ള ഒരു പ്രയാസം ഉണ്ടാകയില്ലെന്നു എനിക്കറിയാം. അതുപോലെ ചേരാനെല്ലൂർ-വരാപ്പുഴ റോഡും ഉടനെ പണിയേണ്ടതാണു്. ചിറ്റൂർ-വടുതല റോഡിന്റെ പണി ഫാമിന്റെ മുതൽ ഫാമിനുള്ളിൽ അവസാനിപ്പിക്കണമെന്നാണു് റോഡ്ബോർഡ് ഉദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ഫാമിൽ ഇതിലേക്കു അനുവദിച്ചിട്ടുള്ള പന്തീരായിരം ഉറുപ്പിക ചിലവാക്കീട്ടില്ല. അടുത്ത കൊല്ലത്തെ സംഖ്യകൂടി കണക്കാക്കുന്നപക്ഷം ഇരുപതിനായിരം ഉറുപ്പികയോളം ഇതിലേക്കു അനുവദിച്ചിട്ടുള്ളതായി കാണാവുന്നതാണു്. ഈ പണിയും ചിറ്റൂർ മുതൽ വരാപ്പുഴവരെയുള്ള റോഡിന്റെ പണിയും ഉടനെ ആരംഭിക്കുന്നതായാൽ ആ ഭാഗങ്ങളിലെ ക്ഷാമനിവാരണത്തിനു ഒരു പരിഹാരമാകുന്നതാണു്. ഗവർമ്മെണ്ടിന്റെ റിലീഫ് വർക്സിനെപ്പറ്റിയുള്ള നയം ലഘൂകരിച്ചു് അകാസിഷ്യൻ ഒഴിച്ചു് നടത്തണമെന്നുള്ളതാണു്. ഈ റോഡു് തുറക്കുന്നപക്ഷം ഒരിഞ്ചു ഭൂമിപോലും ഏറ്റെടുക്കേണ്ടിവരികയില്ല. എത്ര സംഖ്യ ഗവർമ്മെണ്ടു് ഇതിനു ചിലവാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളോക്കുന്നുണ്ടോ അത്രയും സംഖ്യ അവിടത്തെ നാട്ടുകാക്ക് കിട്ടുന്നതാണ്. അതുകൊണ്ട് ഈ പണികൾ ഉടനെ ആരംഭിച്ചാൽകൊള്ളാമെന്നാണ് എന്റെ അപേക്ഷ.

വല്ലാർപാടം, പന്നുകാട് മുതലായ പ്രദേശങ്ങളിലും റോഡുകൾ വേണമെന്ന മുറവിളി തുടങ്ങിട്ട് വളരെക്കാലമായി. അവിടേയും റോഡ് അത്യാവശ്യമാണ്. അവിടെ റോഡ് തുറക്കുന്നതിനു പുറമോക്കുകളും മറ്റും ഉള്ളതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഗവൺമെണ്ടിനുണ്ടാകയില്ല. ഡിപ്പാർട്ട്മെണ്ടലായിട്ട് നടത്തിയാൽ മുന്നൂറിയാൽ സംഖ്യക്കു ധാരാളം പണികൾ അവിടെ നടത്തുവാൻ കഴിയും. പഞ്ചായത്തിൽനിന്നും അവിടെ ഒരു ബണ്ട് കെട്ടുന്നതിനുള്ള ഒരു സ്കീം സമർപ്പിച്ചിട്ടുണ്ട്". അതിനു പന്തീരായിരം ഉറുപ്പികയാണ് ചിലവ് ഉള്ളോക്കിച്ചിട്ടുള്ളത്. ഈ പണിക്കു ചിലവാകുന്ന സംഖ്യയുടെ ര ശരമാനം പലിശകണ്ടുള്ള ആദായം ഗവൺമെണ്ടിനുണ്ടാവുകയും ചെയ്യുന്നതാണ്. ഇവക ജോലികളെല്ലാം ആരംഭിക്കുന്നപക്ഷം പടിഞ്ഞാറൻ പ്രദേശങ്ങളിൽ സംഭവിച്ചിട്ടുള്ള അവശതയിൽനിന്നും അവിടത്തെ നാട്ടുകാരായ സാധുക്കളെ രക്ഷിക്കുവാൻ കഴിയുന്നതാണ്. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ കെ. അയ്യപ്പൻ: ലാൻഡ് അകൂയർ ചെയ്താൽ നാലോ അഞ്ചോ കൊല്ലം കഴിഞ്ഞിട്ട് അതിന്റെ വില കൊടുക്കുവാൻ വല്ല മെത്തേടും (method) ഉണ്ടോ?

Mr. K. M. Ibrahim *(Cranganur):* Sir, without making any observations regarding the planned economy that is essential for a final and lasting solution of our unemployment and poverty problem, I would like to inquire of the Government how it has happened that the coastal regions of the State have closed with Narakkal. *(Laughter).*

Dr. A. R. Menon *(Minister for Rural Development):* No. It has not.

Mr. K. M. Ibrahim *(Cranganur):* Is it the idea that the scheme will be continued to the northern parts also?

Dr. A. R. Menon *(Minister for Rural Development):* Cranganur and Chennamangalam are also included in the scheme.

Mr. K. M. Ibrahim *(Cranganur):* What are the major items of work that are proposed to be started there? So far as the press note that was issued by the Government some days ago is concerned, it does not contemplate any relief work in Cranganur or Chennamangalam.

Mr. President : That press note was the result of a conference held for one hour. We thought we must do something immediately. The decision that we arrived at was the result of a hasty visit and an immediate direction to meet the urgency of the situation.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* And we started from one end. That is all.

Mr. President: The hon'ble member's question is, why did you not start from Cranganur.

Mr. K. M. Ibrahim *(Cranganur):* I am not importunate that the start be from Cranganur. I am only saying that Cranganur and other portions, north of Narakkal also must be included.

Mr. President: Probably, if some of the Government members are given a chance to speak, the honourable members might be in a position to continue the debate better.

Mr. A. Madhava Prabhu *(Diwan Peishkar):* Mr. President, Sir, the efforts made by our Government in the matter of the relief to be given to the persons, who have been thrown out of employment and who have been consequently subjected to poverty, are of two kinds. One is immediate and temporary relief, and the other is long-standing relief. The nature of the longstanding relief consists of the works which we have undertaken already and which we proposed to undertake after a greater scrutiny of some of the other items of work which are in contemplation. So far as the nature of the work and the spots selected for these works are concerned, certain principles were enunciated by the Diwan when we met at the Pudiakovilagam at Trichur on the morning of Friday or Thursday about ten days back. On the morning of that day, as soon as I got up, I got a communication from the Huzur Office through a special messenger enclosing a copy of a telegram received from the inhabitants of Chellanam, asking the Government to do some relief work for the inhabitants of that place. I was asked to proceed to the spot and to suggest what the Government could possibly do. At about 11 O' clock I had to meet the Diwan in connection with the War Committee meeting. Soon after the meeting was over this matter was represented to the Diwan and he asked both myself and the Chief Engineer and also the Hon'ble Minister to remain there to have a discussion of the methods which we should adopt and the principles we should bear in mind in making recommendations. Then we had no idea of starting any immediate work, because we did not know the real situation of the place. The Diwan asked the Chief Engineer as to the items of work which we could immediately undertake so far as the western littoral tracts were concerned. The Chief Engineer said that—of course the Diwan also asked about this particular work—the Pandikudi-Chellanam road is a necessary item. But he said that about 80 per cent of the estimated amount for that particular road will go towards the cost of land acquisition and cost of materials. Then the answer was, "We cannot do that". The reason is that the principle underlying all these relief works has to be borne in mind and that it

LIBRARY ARCHIVES Kerala Legislative Assembly

the major portion of the amount—at any rate more than 80 per cens of the amount estimated must go not for land acquisition or for cost of materials, but must really go for the relief of the poor. That is to say, whichever work would give 75 per cent of the amount spent to the labourers, must be given preference. That was the principle which the Diwan was pleased to enunciate, and we were asked to select in consultation with each other those works which would satisfy these requirements.

